# കേരള സർവകലാശാല

നം. പി.ആർ.116/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം–2017: എസ്.ഇ.ബി.സി വിഭാഗത്തിന്റെ പ്രവേശനം

2017–ലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ക്ഷണിച്ച ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി വിഭാഗത്തിനുളള സംവരണത്തിന് വാർഷിക വരുമാനം ബാധകമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഇതിനുള്ള മാനദണ്ഡം നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റാണ്. 6 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉണ്ടെന്ന കാരണത്താൽ ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി സംവരണം നൽകാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാകുന്ന പക്ഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അവരുടെ ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്താവുന്നതാണ്. ഇങ്ങനെയുള്ള അപേക്ഷകർ തങ്ങളുടെ പ്രൊഫൈലിൽ നോൺ ക്രിമിലെയർ ആണോ/അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനം രേഖപ്പെടുത്തി ഇതിനകം അപേക്ഷ സമർപ്പിച്ചവർ തൽക്കാലം അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ എസ്.ഇ.ബി.സി സംവരണ സീറ്റിൽ പ്രവേശനം അനുവദിക്കപ്പെടുന്ന എല്ലാവരും കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ സംവരണ സീറ്റിലുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നതാണ്. ജനറൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ഇത് ബാധകമല്ല. ഒ.ഇ.സി വിഭാഗത്തിൽ അപേക്ഷിച്ചവർക്ക് ഒ.ബി.എച്ച്/ ഒ.ബി.എക്സ് സംവരണത്തിന് അർഹതയുണ്ടെങ്കിൽ അക്കാര്യവും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിൽ മാറ്റേണ്ടതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന ജനറൽ/എസ്.സി/എസ്.ടി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് ക്രിമിലെയർ ഓപ്ഷൻ, നോൺ ക്രിമിലെയർ എന്നോ ക്രിമിലെയർ എന്നോ നൽകാവുന്നതാണ്. ഏത് ഓപ്ഷൻ സ്വീകരിച്ചാലും അവർക്ക് ലഭിക്കേണ്ട അലോട്ട്മെന്റിനെ ബാധിക്കുന്നതല്ല.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. ഇത് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപ് ചെയ്തിരിക്കണം. രജിസ്ട്രേഷൻ പുരോഗമിക്കുകയാണ്. അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017: പ്രിൻസിപ്പൽമാരുടെ യോഗം

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടേയും യോഗം 02.06.2017 വെള്ളിയാഴ്ച സർവ്വകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിക്കും സ്വാശ്രയ/യു.ഐ.റ്റി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിക്കുമാണ് നടത്തുന്നത്.എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി, പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017:സ്പോർട്ട്സ് ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും, സ്പോർട്ട്സിലെ നേട്ടങ്ങൾ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ബന്ധപ്പെട്ട കോളേജിൽ നൽകണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കേണ്ടതില്ല. രജിസ്ട്രേഷന്റെ അവസാന തീയതിക്ക് മുൻപ് ഇത് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. അവസാന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## എം.എ എം.എസ്സി പരീക്ഷ ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ഹിസ്റ്ററി, സംസ്കൃതം സ്പെഷ്യൽ, സംസ്കൃതം ജനറൽ, ഇംഗ്ലീഷ്, എം.എസ്സി സുവോളജി, മാത്തമാറ്റിക്സ്, ഹോംസയൻസ് പരീക്ഷ കളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എഡിറ്റോറിയൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം കമ്മ്യൂണിക്കേഷൻ & ജേർണലിസം പഠന വകുപ്പിലേക്ക് എഡിറ്റോറിയൽ അസിസ്റ്റന്റ് (ഒന്ന്) ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

## അസിസ്റ്റന്റ് ഫാം സൂപ്രണ്ട് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠനവകുപ്പിലേക്ക് അസിസ്റ്റന്റ് ഫാം സൂപ്രണ്ട് (ഒന്ന്) ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

## എം.എ റഷ്യൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015-17 അദ്ധ്യായന വർഷത്തിലെ എം.എ റഷ്യൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സിമി മാഹിൻ (RUS 150503/2017), സ്വാതി ഭദ്രൻ ആർ.എസ് (RUS 150504/2017) എന്നീ വിദ്യാർത്ഥികൾ ഒന്നാം റാങ്ക് കരസ്ഥമാക്കി.

തിരുവനന്തപുരം.
27.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098